LIBRARY ARCHIVES Kerala Legislative Assembly

തൈക്കുട്ടം കടവിലെ ലൂക്കുപാലം

175(3097) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരം ദുരന്ത സാഹചര്യമുള്ള സ്ഥലങ്ങളിലെ കടവുകളിൽ പാലങ്ങൾ നിർമ്മിക്കുന്ന സ്കീമിൽ ഉൾപ്പെടുത്തി കെൽ നിർമ്മാണം പൂർത്തിയാക്കിയ തൃശ്ശൂർ ജില്ലയിലെ കാടുകുറ്റി പഞ്ചായത്തിലെ തൈക്കുട്ടം കടവിലെ ലൂക്കുപാലത്തിന്റെ നിർമ്മാണത്തിൽ സാങ്കേതിക ന്യൂനതകൾ ഉള്ളതായി പ്രാഥമിക പരിശോധനയിൽ ബോധ്യമായതിനെത്തുടർന്ന് വിശദമായ പരിശോധന നടത്തുന്നതിനായും അപാകതകൾ പരിഹരിക്കുന്നതിനായും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) അപാകതകൾ പരിഹരിച്ച് ലൂക്കുപാലം ജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഹൈവേ റിസർച്ച് ജോയിന്റ് ഡയറക്ടർ പരിശോധിച്ചതനുസരിച്ച് തൈക്കുട്ടം കടവ് ലൂക്കുപാലത്തിന്റെ നിർമ്മാണത്തിലെ ന്യൂനതകൾ കേരള ഇലക്ട്രിക്കൽ & അലൈഡ് കമ്പനിയെക്കൊണ്ട് പരിഹരിപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തൈക്കുട്ടം കടവ് ലൂക്കുപാലത്തിന്റെ നിർമ്മാണത്തിലെ അപാകത ഉടൻ പരിഹരിക്കാനും ജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന് സജ്ജമാക്കാനും KEL പ്രതിനിധിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്മാർട്ട് വില്ലേജുകൾ

176(3098) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. ടി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് വില്ലേജുകൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 'സ്മാർട്ട് ' റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സ്മാർട്ട് വില്ലേജ് പദ്ധതി നടത്തിപ്പിനായി ആദ്യഘട്ടമായി 14 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് തീരുമാനിക്കുകയും അവയിൽ 13 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം ഹാബിറ്റാറ്റ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും മലപ്പുറം ജില്ലയിലെ അമരമ്പലം വില്ലേജ് ഓഫീസിന്റെ നിർമ്മാണം ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയും ചെയ്തു. പ്രസ്തുത വില്ലേജുകളുടെ നിർമ്മാണത്തിന് ആകെ 1 കോടി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും നവീകരണ പ്രവർത്തനം നടന്നുവരികയുമാണ്.

സ്മാർട്ട് വില്ലേജ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എറണാകുളം, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകൾ ഒഴികെ ബാക്കി 10 ജില്ലകളിലായി 16 വില്ലേജാഫീസുകൾ സ്മാർട്ട്റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതും ആയതിൽ ഒരെണ്ണം എം.എൽ.എ. ഫണ്ടിൽനിന്നും 15 എണ്ണം പ്ലാൻ ഫണ്ടിൽ നിന്നുള്ള തുക വിനിയോഗിച്ചും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 15 വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിന് 3.29 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും ആകുന്നു. പ്രസ്തുത വില്ലേജുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly